# കാറ്റേ കടലേ

പി. പി. രാമചന്ദ്രൻ



കാറ്റേ കടലേ

പി. പി. രാമചന്ദ്രൻ

(മലയാളം: കവിത)

© 2020, P. P. Ramachandran

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Sonnendurchfluteter Waldweg, a painting (oil on cardboard) by Alexandre Calame (1810–1864). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കാറ്റേ കടലേ

ഉമ്മറക്കോലായിൽനിന്ന്
രാത്രിയിൽ എടുത്തുവയ്ക്കാൻ മറന്ന കിണ്ടി
കളവുപോയതുപോലെ
വയൽക്കരയിലുള്ള ഒരു കുന്ന്
പുലർച്ചയ്ക്കു കാണാതായി.

മഴയും വെയിലും
എവിടെയെല്ലാം തിരഞ്ഞു!
പിന്നെയും ബാക്കിയായ
ഒരു കുന്നിന്റെ പള്ളയ്ക്കാണ്
എന്റെ വീട്.

ഇപ്പോൾ കുന്നുകളെല്ലാം
റോഡുപണിക്കു പോകുന്നു,
കരയുന്ന വീടുകളെ
ഉറക്കിക്കിടത്തിക്കൊണ്ട്.

പന്തലംകുന്ന്, പൂത്രക്കുന്ന്
പുളിയാറക്കുന്ന്, പറക്കുന്ന്
ചോലക്കുന്ന്, ചന്തക്കുന്ന്
കരിമ്പനക്കുന്ന്...
പേരുവിളിക്കുമ്പോൾ
വരിവരിയായി വന്ന്
ലോറിയിൽ കയറണം,
പറഞ്ഞ സ്ഥലത്ത് ഇറങ്ങണം.
നിരപ്പാക്കിയ തലയിൽ
എട്ടുവരിപ്പാത ചുമന്നു നിന്നുകൊള്ളണം.
തലയ്ക്കുമീതെ കാലം
‘ശ്ശൂം’ ന്നു പായും, അനങ്ങരുത്!

കാറ്റേ, കടലേ
തെങ്ങോലകളേ,
നമ്മൾ അപ്പുറത്തും
ഇപ്പുറത്തുമാകാൻ പോകുന്നു.
ഇനി കാണാൻ പറ്റിയെന്നു വരില്ല.

ബഷീറിന്റെ കഥയിലെ നാരായണി
ആകാശത്തേയ്ക്ക് ചുള്ളിക്കമ്പെറിഞ്ഞതുപോലെ
നിങ്ങളെന്തെങ്കിലും അടയാളം കാട്ടണം,
ഞാൻ നോക്കിയിരിക്കും.

(2004)



View of Vilnius surroundings, painting (oil on canvas) by Joseph Marszewski (1825–1883)

# കൃതിഭൂമി

കൃതി ഒരു കൃഷിഭൂമിയാണെന്ന് പറഞ്ഞത് എത്ര ശരി! വായനക്കാരാണ് അതിൽ വിതയ്ക്കുന്നതും വിളവെടുക്കുന്നതും. കൃഷിഭൂമി കർഷകനെങ്കിൽ കൃതിഭൂമി വായനക്കാരനുള്ളതാണ്.

ഈ കവിതയിൽ എന്റെ സ്വദേശമായ വട്ടംകുളത്തെ കുന്നുകൾ ലോറിയിൽ കയറി റോഡുപണിക്കുപോകുന്നതായി വിവരിക്കുന്നുണ്ട്. അതൊരു ഭാവനയായിരുന്നില്ല. വട്ടംകുളത്തുകാരായ ഞങ്ങളെ സംബന്ധിച്ച് കൺമുന്നിൽ കാണുന്ന യാഥാർത്ഥ്യമായിരുന്നു. പണിതുവരുന്ന തീരദേശഹൈവേക്കുവേണ്ടി ആ സമയത്ത് നൂറുകണക്കിനു ലോറികൾ വട്ടംകുളത്തെ കുന്നുകളെ കഷണം കഷണമായി കയറ്റിക്കൊണ്ടു പോയിരുന്നു. ആ കവിതയിൽ പേരെടുത്തു പറഞ്ഞിട്ടുള്ള കുന്നുകളെല്ലാം— പന്തലംകുന്ന്, പൂത്രക്കുന്ന്, പുളിയാറക്കുന്ന്, പറക്കുന്ന്, ചോലക്കുന്ന് … യഥാർത്ഥത്തിലുള്ളതാണ്; ഇപ്പോൾ ഏറെക്കുറെ ഇല്ലാതായിക്കൊണ്ടിരിക്കുന്നതും.

കേരളത്തെ നെടുനീളത്തിൽ രണ്ടായി പകുത്തേക്കാവുന്ന എക്സ്പ്രസ് പാതയെക്കുറിച്ചുള്ള ആശങ്കകൾ പരിസ്ഥിതിവാദികൾ ഉന്നയിച്ചുകൊണ്ടിരുന്ന കാലത്താണ് ആ കവിത പ്രസിദ്ധീകരിച്ചത്. ബഷീറിനും നാരായണിക്കുമിടയിൽ ഉയർന്നുനിന്ന കൂറ്റൻ മതിലുപോലെ ആ പാത മലയാളിയെ പ്രകൃതിയിൽനിന്ന് എന്നേക്കുമായി മറച്ചുകളയുമെന്ന ഉത്കണ്ഠയിലാണ് കവിത അവസാനിക്കുന്നത്.

> "കാറ്റേ കടലേ തെങ്ങോലകളേ
> നാം അപ്പുറത്തും ഇപ്പുറത്തുമാകാൻ പോകുന്നു
> ബഷീറിന്റെ കഥയിലെ നാരായണി
> ആകാശത്തേക്കു ചുള്ളിക്കമ്പെറിഞ്ഞതുപോലെ
> നിങ്ങളെന്തെങ്കിലും അടയാളം കാട്ടണം
> ഞാൻ നോക്കിയിരിക്കും."

ഞങ്ങൾ വട്ടംകുളത്തുകാർക്ക് ജീവിതംപോലെ കുന്നുകുഴിയും ഇടകലർന്നതാണ് പ്രകൃതിയും. മേൽപ്പറഞ്ഞ കുന്നുകളും അവയുടെ താഴ്വരകളും ചേർന്ന ഒരു ഭൂപ്രകൃതിയാണ് ഇവിടത്തേത്. കുന്നിൻപുറങ്ങളിൽ മിക്കതിലും ഹരിജൻ കോളനികൾ. വെള്ളമില്ലാത്ത കിണറുകൾ. പാവപ്പെട്ട തൊഴിലാളിക്കുടുംബങ്ങളുടെ ചെറ്റപ്പുരകൾ. താഴ്വരകളിൽ മേൽജാതി ഭൂവുടമകളും ഇടത്തരക്കാരും പാർക്കുന്ന ഓടിട്ട വീടുകൾ, നെൽവയലുകൾ, തെങ്ങുകവുങ്ങു തോട്ടങ്ങൾ, അമ്പലം പള്ളി, ബാങ്ക് വിളി, നാമജപം. വൈകുന്നേരങ്ങളിൽ മാത്രം ആൾത്തിരക്കുള്ള ചെറിയചെറിയ അങ്ങാടികൾ. നിരപ്പലകയിട്ട പീടികമുറികൾ. നാടൻപണി ചെയ്യുന്ന തൊഴിലാളികൾ രാവിലെ കുന്നിറങ്ങിവരും. പണി കഴിഞ്ഞ്, വയലോരത്തെ കൊക്കർണിയിലോ അമ്പലക്കുളങ്ങളിലോ കുളി കഴിഞ്ഞ് കുന്നുകയറിപ്പോകും.

ഇറങ്ങിയും കയറിയും അങ്ങനെ ഇഴഞ്ഞുനീങ്ങിയ നാളുകൾ. മന്ദഗതിയിലുള്ള ജീവിതം. വൈദ്യുതിയും ടെലിഫോണും വാർത്താമാധ്യമങ്ങളും ഇല്ലാതിരുന്ന ആ പഴയകാലവും മണ്ണിനോടൊപ്പം ലോറിയിൽ കയറി പോയിക്കഴിഞ്ഞു. കുട്ടിക്കാലത്ത് ഞാവൽപ്പഴം പറിക്കാൻ കയറിയിരുന്ന ചോലക്കുന്നിന്റെ ഉച്ചിയിലേക്ക് വളരെക്കാലത്തിനുശേഷം ഇയ്യിടെ ഒന്നു കയറിനോക്കി. സുഹൃത്ത് ശിഹാബുദ്ദീൻ പൊയ്ത്തുംകടവും കൂടെയുണ്ടായിരുന്നു.

ദയനീയമായിരുന്നു ആ കാഴ്ച. ഒരു ചക്ക നെടുകെ മുറിച്ചുവെച്ചതുപോലെ കുന്നിന്റെ ഒരു ഭാഗം മുഴുവനായും മണ്ണെടുത്ത് അഗാധമായ ഒരു ഗർത്തം രൂപപ്പെട്ടിരിക്കുന്നു. വക്കത്തുനിന്ന് താഴേക്കു നോക്കിയാൽ തല ചുറ്റും. പണ്ട് സാക്ഷരതാക്കാലത്ത് പ്രചരണപ്രവർത്തനവുമായി കയറിയിറങ്ങിയ വഴികളെവിടെ? അവിടെയുണ്ടായിരുന്ന ചെറുമക്കുടിലുകൾ, അക്ഷരമാലാപ്പാട്ട് പാടിയ വയോവൃദ്ധകൾ? എല്ലാം അക്ഷരാർത്ഥത്തിൽത്തന്നെ മൺമറഞ്ഞുപോയിരിക്കുന്നു.

ഒരു കൌതുകത്തിനുവേണ്ടി ഗൂഗിൾ മാപ്പ് തിരഞ്ഞു. ഉപഗ്രഹദൃഷ്ടിയിൽ വട്ടംകുളത്തിന്റെ ശിരോരേഖ കണ്ടു. അങ്ങിങ്ങു വ്രണങ്ങൾ പോലെ കാണപ്പെടുന്ന അടയാളങ്ങൾ മണ്ണെടുത്തുപോയ കുന്നുകളാണെന്ന് പഴമക്കാർക്കു തിരിച്ചറിയാവുന്നതേയുള്ളൂ. അതേസമയം പാടശേഖരങ്ങളുടെ വിസ്തൃതി കുറഞ്ഞുംവന്നു. പാടത്തിനു നടുവിലൂടെ ഒരു പാത വരുന്നു. ഇരുവശവും വീടു വരുന്നു. ഇപ്പോൾ വീടാണ് വയലിലെ കൃഷി. മനുഷ്യർ പെരുകുന്നു, പിളരുന്നു. അപ്പോൾ തൊട്ടടുത്ത അഞ്ചുസെന്റുകൂടി മണ്ണിട്ടു തൂർക്കുന്നു. അങ്ങനെയങ്ങനെ വീടുകൾ വരുന്നു. വയലിൽ വിളഞ്ഞതു തിന്നിരുന്ന മനുഷ്യർ ഇന്ന് വയലിനെത്തന്നെ തിന്നുന്നു.

'മലകളെ നീക്കം ചെയ്യാൻ ശ്രമിച്ച വിഡ്ഢിയായ വൃദ്ധ' എന്ന ചൈനീസ് നാടോടിക്കഥ ലോകപ്രസിദ്ധമാണ്. സംഘടിതമനുഷ്യാധ്വാനത്തിന്റെ അജയ്യതയെ പ്രകീർത്തിക്കുന്ന ഇക്കഥ മാവോ തന്റെ വിപ്ലവപ്രസ്ഥാനത്തിന്റെ പ്രചരണായുധമായി ഉദാഹരിച്ചിട്ടുണ്ട്. പ്രകൃതിപ്രതിഭാസങ്ങളെ മാനവരാശിയുടെ വികാസത്തിന് പ്രതിബന്ധങ്ങളായി കണ്ടിരുന്ന ആദിമകാലത്തിന്റെ യുക്തികളാണ് ഇക്കഥയിൽ പ്രവർത്തിക്കുന്നത്. ഇന്ന് ആ മനുഷ്യാധ്വാനംപോലും വേണ്ടാതായിരിക്കുന്നു. മലകളെ നീക്കാൻ ഇന്ന് മണ്ണുമാന്തിയുണ്ട്. നൂറ്റാണ്ടുകളുടെ സംസ്കാരം ഉറഞ്ഞുകൂടിയ മണ്ണിനെ അതിന്റെ ഇരുമ്പുകോരിക വേരോടെ പിഴുതെടുത്ത് നിമിഷങ്ങൾക്കുള്ളിൽ മറ്റൊരിടത്തു കൊണ്ടുവയ്ക്കും. പക്ഷെ അതിന്റെ പ്രത്യാഘാതങ്ങൾ അവനെ വീണ്ടും വീണ്ടും വിഡ്ഢിയാക്കി നിലനിർത്തുന്നു എന്നു മാത്രം.

നമ്മുടെ ഇതിഹാസത്തിലുമുണ്ട് ഇതുപോലൊരു 'മല'-മറിച്ചിൽ. ലങ്കയിൽ യുദ്ധം നടക്കുമ്പോൾ ചത്തുവീണ വാനരസേനയെ പുനരുജ്ജീവിപ്പിക്കാൻ ജാംബവോപദേശമനുസരിച്ച് മൃതസഞ്ജീവനി എന്ന മരുന്നു തേടിപ്പോയ ഹനുമാൻ ആ ചെടി നിന്നിരുന്ന മലയെ മൊത്തത്തിൽ പറിച്ചെടുത്തുകൊണ്ടുവരികയാണത്രേ ഉണ്ടായത്! എന്നാൽ കുറ്റം പറയരുതല്ലോ. ആവശ്യം കഴിഞ്ഞ് കക്ഷി അതിനെ യഥാസ്ഥാനത്ത് കൊണ്ടുവയ്ക്കുകയും ചെയ്തു എന്നാണു കഥ.

എ ബി ടി പാർസൽ സർവ്വീസ് വാനുകളുടെ പുറത്ത് ഉള്ളംകൈയ്യിൽ ഒരു മലയും വെച്ച് വായുവിൽ പറക്കുന്ന ഹനുമാന്റെ ചിത്രം കണ്ടിട്ടുള്ളത് ഓർമ്മയുണ്ടോ? അതുപോലെ ഇരുമ്പുകോരികയിൽ ഒരു മലയുംവെച്ചു നീങ്ങുന്ന ജെ സി ബി നാളെ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ ലോഗോ ആയേക്കാം. അങ്ങനെ മരുന്നിനുപോലും മലയില്ലാതാവുന്ന കാലത്ത് ദേശമുദ്ര നഷ്ടപ്പെട്ട മലയാളി കേവലം ആളിയായി ചരിത്രത്തിൽ ഇടംപിടിക്കുകയും ചെയ്തേക്കാം.

ഇത്രയും പണ്ട് എഴുതിവെച്ചതാണ്. ഇപ്പോൾ ഒരു കൂട്ടിച്ചേർക്കൽകൂടി ആവാമെന്നു തോന്നുന്നു. അത് കവിതാവായനയെക്കുറിച്ചാണ്. കാറ്റേ കടലേ എന്ന കവിത മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുവന്നപ്പോൾ പലരും വിളിച്ച് അഭിനന്ദിക്കുകയുണ്ടായി. അത് വ്യാപകമായി സ്വീകരിക്കപ്പെട്ടു. ചർച്ച ചെയ്യപ്പെട്ടു. പിൽക്കാലത്ത് ഏഴാം ക്ലാസിലെ മലയാള പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുകയുമുണ്ടായി.

എന്നാൽ ആ കവിതക്കു കിട്ടിയ ഒരു വിമർശനം കൗതുകകരമായിരുന്നു.

> ഉമ്മറക്കോലായിൽനിന്ന്
> രാത്രിയിൽ എടുത്തുവയ്ക്കാൻ മറന്ന കിണ്ടി
> കളവുപോയതുപോലെ
> വയൽക്കരയിലുള്ള ഒരു കുന്ന്
> പുലർച്ചയ്ക്കു കാണാതായി.

എന്നാരംഭിക്കുന്ന കവിതയിലെ കിണ്ടി ഒരു സവർണ്ണബിംബമാണെന്നും ഭൂമി നഷ്ടപ്പെടുന്ന ഒരു ജന്മിയുടെ നിരാശയാണ് കവിതയിൽ നിഴലിക്കുന്നത് എന്നുമായിരുന്നു വിമർശനം. ഇങ്ങനെയൊരു വായന ആ കവിതയ്ക്കുണ്ടാകുമെന്ന് ഞാൻ തീരെ പ്രതീക്ഷിച്ചിരുന്നില്ല. കിണ്ടി എങ്ങനെയാണ് ഒരു സവർണ്ണബിംബമാകുന്നത്? തിളക്കമുള്ള ഓട്ടുകിണ്ടിയായതുകൊണ്ടോ? എന്നാൽ അലുമിനിയം, പ്ലാസ്റ്റിക്ക്, മണ്ണ് എന്നിവകൊണ്ടു നിർമ്മിക്കുന്ന കിണ്ടികളും ഉമ്മറക്കോലായിൽ വെക്കാറില്ലേ? പഴയകാലത്ത് കാൽനടയായി വന്നെത്തുന്നവർക്ക് കാലുകഴുകാനുള്ള വെള്ളം സംഭരിച്ചുവെച്ച ഒരു പാത്രം എന്നേ അതിനു ധർമ്മമുള്ളൂ. പൈപ്പും ടാപ്പും ഇല്ലാത്ത കാലത്ത് മുരലുള്ള കിണ്ടി ജലം സൂക്ഷിച്ചുപയോഗിക്കാനുള്ള സൂത്രവുമായിരുന്നു. ശ്രദ്ധിച്ചു നിരീക്ഷിച്ചാൽ എന്തൊരു മനോഹരമായ കലാശില്പമാണ് കിണ്ടി! സൗന്ദര്യമൂല്യവും പ്രയോജനമൂല്യവും ചേരുംപടി ചേർന്ന ഈ കലാസൃഷ്ടി വിഭാവനം ചെയ്ത ആദിമൂശാരി ആരായിരിക്കും? മലർത്തിവെച്ചാൽ ജലസംഭരണി. കമഴ്ത്തിവെച്ചാൽ ഒരു ഗണപതിവിഗ്രഹം!

അങ്ങനെയിരിക്കെ, വട്ടംകുളത്ത് ഒരു പരിസ്ഥിതിസമ്മേളനം നടന്നു. അതിലെ മുഖ്യപ്രഭാഷകൻ കാറ്റേ കടലേ എന്ന കവിതയിലെ ആദ്യവരികൾ ഉദ്ധരിച്ചു. കാണാതായ കുന്നിനെ കിണ്ടിയോടു സാദൃശ്യപ്പെടുത്തിയതിലെ ഔചിത്യത്തെ അഭിനന്ദിച്ചുകൊണ്ടാണ് അദ്ദേഹം ആരംഭിച്ചത്. കുന്നുകൾ പ്രകൃതിയിലെ ജലസംഭരണികളാണ്. വർഷകാലത്ത് വയലേലകളിൽ കെട്ടിക്കിടക്കുന്ന വെള്ളത്തെ സമീപത്തുള്ള കുന്നുകൾ മുകളിലേക്കു വലിച്ചെടുക്കുകയും വേനൽക്കാലത്ത് അതിനെ കിണറുകളിലേക്കും കുളങ്ങളിലേക്കും തിരിച്ചുവിടുകയും ചെയ്യുന്നുവത്രേ! കേശികത്വം (Capillary action) ആണ് ഈ പ്രതിഭാസം. ഭൂഗുരുത്വത്തിനെതിരായി ദ്രാവകം സൂക്ഷ്മ സുഷിരങ്ങളിൽക്കൂടി മുകളിലേക്കുയരുന്നതോ താഴുന്നതോ ആയ പ്രവർത്തനം.

ഈ നിരീക്ഷണം എനിക്ക് പുതിയൊരറിവായിരുന്നു. വാസ്തവത്തിൽ ആ കവിതയെഴുതുന്ന സമയത്ത് എന്റെ മനസ്സിൽ കേശികത്വമോ സവർണ്ണതയോ ഉണ്ടായിരുന്നില്ല. കിണ്ടിയുടെ ആകൃതിയല്ല പ്രകൃതിയാണ് അതിനെ ഒരു ബിംബമായി സ്വീകരിക്കാൻ എന്നെ പ്രചോദിപ്പിച്ചത് എന്നു തോന്നുന്നു. അത്രമേൽ സ്വാഭാവികമായ ഒരു തിരഞ്ഞെടുപ്പായിരുന്നു അത്. ഒരാളുടെ വായനയിൽ വിമർശനവിധേയമായ അതേ വസ്തു മറ്റൊരാളുടെ വായനയിൽ പ്രശംസനീയമായി മാറുന്ന കൗതുകകരമായ പാഠഭേദങ്ങൾ.

കൃതി ഒരു കൃഷിഭൂമിയാണെന്ന് പറഞ്ഞത് എത്ര ശരി! വായനക്കാരാണ് അതിൽ വിതയ്ക്കുന്നതും വിളവെടുക്കുന്നതും. കൃഷിഭൂമി കർഷകനെങ്കിൽ കൃതിഭൂമി വായനക്കാരനുള്ളതാണ്.

□

## പി. പി. രാമചന്ദ്രൻ



കവി, എഡിറ്റർ, പരിഭാഷകൻ. അഞ്ചു കവിതാസമാഹാരങ്ങൾ, കുട്ടികൾക്കു വേണ്ടി ഏതാനം കഥാപുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കാണെക്കാണെ' എന്ന കവിതാസമാഹാരം 2002 ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി. അക്കാദമികളുടെ ദേശീയ കവിസമ്മേളനങ്ങളിലും ശില്പശാലകളിലും പങ്കെടുക്കാറുണ്ട്. കവിതയ്ക്കു മാത്രമായി ഹരിതകം ഡോട് കോം എന്നൊരു ഓൺലൈൻ ജേണൽ ആരംഭിച്ചു. പട്ടാമ്പി കോളേജിൽ നടത്തിവരാറുള്ള 'കവിതയുടെ കാർണിവ'ലിന്റെ മുഖ്യ സംഘാടകരിലൊരാൾ. കൂടുതലറിയാൻ:

- https://ppramachandran.in/about-me/
- https://www.poetryinternational.org/...Ramachandran

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014